ത്താൽ സർക്കിൾ ഇൻസ്പെക്ടർ പറയുന്നത് നിങ്ങൾപോയി കള്ളനെ പിടിച്ചു കൊണ്ടുവാ എന്നാൽ ഞാൻ നോക്കാം എന്നാണ്. അവിടെ 17 വീട്ടിൽ കള്ളൻ കയറി. ഞായറാഴ്ച ആറുവീട്ടിലാണ് മോഷണം നടന്നത്. ഏലിപ്പറമ്പിൽ അപ്പുവിന്റെ വീട്ടിലും അജരാരത്തിൽ പത്മനാഭൻ പോറ്റിയുടെ വീട്ടിലും കള്ളൻ കയറി. അപ്പുവിന്റെ ഭാര്യയുടെ കഴുത്തിൽ നിന്നും മൂന്നു പവൻ തൂക്കം വരുന്ന സ്വർണ്ണമാല കള്ളൻ കൊണ്ടുപോയി. പത്മനാഭൻപോറ്റിയുടെ ഭാര്യ രുഗ്മിണി ഇല്ലത്തമ്മയുടെ കഴുത്തിൽ നിന്നും രണ്ടു പവൻ തൂക്കംവരുന്ന സ്വർണ്ണമാലയും കള്ളൻ പൊട്ടിച്ചുകൊണ്ടു പോയി. ആഭ്യന്തരമന്ത്രിയുടെ പാർട്ടിക്കാരായ (എ) കോൺഗ്രസ്സുകാർ അവിടെ ഒരു കളി നടത്തുന്നുണ്ട്. അതുകൊണ്ട് അതിർത്തിയിലെ സകല ക്രിമിനലുകളും അവിടെ വരുകയാണ്. സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള ആളുകൾ കൂട്ടുനിന്നുകൊണ്ടാണ് ഇത് ചെയ്യുന്നത്. ഈ കളി നടത്തുന്നതുകൊണ്ടാണ് സകല ആളുകളും അവിടെവന്ന് പിടിച്ചുപറിയും മോഷണവും നടത്തുന്നത്. പോലീസിനെകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരാഴ്ചയായിട്ട് അവിടത്തെ ആളുകൾ ഉറങ്ങിയിട്ടില്ല. പത്തുപതിനഞ്ച് ആളുകൾ കാവൽ നിൽക്കുകയാണ്. പോലീസിൽ പരാതിപ്പെട്ടാൽ യാതൊരു ഫലവുമില്ല. ഇതിനാവശ്യമായ നടപടികൾ എടുക്കണം.

ആഭ്യന്തരമന്ത്രി (ശ്രീ. വയലാർ രവി) : സർ, കേരളത്തിന്റെ അതിർത്തി പ്രദേശമായ ഈ സ്ഥലത്ത് മോഷണവും പിടിച്ചുപറിയും ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചു പോന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒന്നുരണ്ടു പരാതികൾ, സ്വർണ്ണമാല പൊട്ടിച്ചുകൊണ്ടുപോയത് ഉൾപ്പെടെ ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനങ്ങളിൽ കേസെടുക്കുക മാത്രമല്ല ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിതന്നെ നേരിട്ട് പോലീസ് സൂപ്രണ്ടിന്റെ അടുത്ത് പരാതിപ്പെട്ടതിനെതുടർന്ന് അന്നുതന്നെ ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു കോമ്പിംഗ് ഓപ്പറേഷൻ നടത്തി കുറെയേറെ ആളുകളെ പിടിക്കുകയും രാത്രി ആരെ കണ്ടാലും ചോദ്യം ചെയ്യാൻ പ്രോത്സാഹം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് രാത്രികാലങ്ങളിൽ അവിടെ നടക്കുന്നത് പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. അവിടെ കൂടുതൽ പോലീസിനെ ആവശ്യമാണെങ്കിൽ അതിന് നടപടി സ്വീകരിക്കാനും ഏതെങ്കിലും കൃത്യവിലോപം ഉണ്ടാകാതെ നോക്കാനും നിർദ്ദേശം കൊടുക്കാം. ഏതെങ്കിലും ഉദ്യോഗസ്ഥൻ കൃത്യവിലോപം കാണിച്ചിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കുകയും ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യാം.

(25) മൂവാറ്റുപുഴ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. വി. വി. ജോസഫ് : സർ, നൂറു കണക്കിന് രോഗികൾ ദിവസേന വരുന്ന മൂവാറ്റുപുഴ ആശുപത്രിയിൽ നിന്നുതിരിയാൻ ഇടമില്ല. പ്രസവ വാർഡിലാണെങ്കിൽ നിലത്തും വരാന്തയിലുമൊക്കെ സ്ത്രീകൾ കിടക്കുന്നു. നൂറു ബെഡ്ഡുള്ള വാർഡ് പണിയാൻ പ്രപ്പോസൽ ഉണ്ടായി അതിനുള്ള നടപടി സ്വീകരിച്ചുവെങ്കിലും പുരോഗതി ഉണ്ടായിട്ടില്ല. അവിടത്തെ ടി. ബി. വാർഡ് നനഞ്ഞൊലിക്കുകയാണ്. സ്വീപ്പേഴ്സ് ഇല്ല; ആവശ്യത്തിനുള്ള മരുന്നില്ല. വളരെയധികം രോഗികൾ വരുന്ന മൂവാറ്റുപുഴ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ വാർഡ് പണിയുന്നതിനും നനഞ്ഞൊലിക്കുന്ന സ്ഥിതി മാറ്റാനും സ്വീപ്പേഴ്സിനെ നിയമിക്കാനും നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മൂവാറ്റുപുഴ ആശുപത്രിക്ക് നൂറു ബെഡ്ഡുള്ള വാർഡ് പണിയാൻ സാംഗ്ഷൻ നൽകിയിട്ടുണ്ട്. അതിന് 100 രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച അറ്റകുറ്റ പണിതീർത്ത് ചോർച്ച തടയാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മരുന്നിനെക്കുറിച്ച് പരാതിക്ക് ഇടയില്ല. മരുന്നു വാങ്ങിക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. സ്പെഷ്യലിസ്റ്റിനെയൊക്കെ നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. കെട്ടിടത്തിന്റെ പണിയെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ബുദ്ധിമുട്ടാണ്. എങ്കിലും ശരി ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(26) മങ്കാട്ടുകടവു പാലംപണി പൂർത്തിയാക്കൽ

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഇതു പറയുന്നത്. ചോദ്യോത്തരവേളയിൽ പരാമർശിക്കപ്പെട്ട മങ്കാട്ടുകടവു പാലമാണ് വിഷയം. നേര്യം നിയോജക മണ്ഡലത്തിലുള്ള വിളവൂർക്കൽ പഞ്ചായത്തും തിരുവനന്തപുരം സിറ്റിയുമായി യോജിപ്പിക്കുന്ന പാലമാണ് മങ്കാട്ടുകടവ് പാലം. കഴിഞ്ഞ മൂന്നരവർഷമായി അതിന്റെ പണി നടക്കുന്നില്ല. കാരണം ഡിപ്പാർട്ടുമെന്റിനെതിരായി കേസു കൊടുത്തിരിക്കുന്നു. കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവുണ്ടായിരുന്നു. ഇപ്പോൾ ആ സ്റ്റേ ഉത്തരവ് ഇല്ല. കേസ് തീർന്നിരിക്കുന്നു. അത്യാവശ്യമായ കൈവരി കെട്ടുകയും അപ്രോച്ച് റോഡ് പൂർത്തിയാക്കുകയും ചെയ്താൽ യാത്രക്കാർക്ക് സൗകര്യമായിരിക്കും. അടിയന്തിരമായി ഡിപ്പാർട്ടുമെന്റലായെങ്കിലും ഈ വർക്ക് ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 1977-ൽ കരാർ കൊടുത്ത വർക്കാണ്. കരാറുകാരൻ ഇട്ടിട്ടുപോയി. 1982-ൽ കരാർ അവസാനിപ്പിച്ചു. 1983-ൽ വീണ്ടും കരാർ കിട്ടിയിട്ടുണ്ട്. സ്റ്റേ വാങ്ങിയത് ആദ്യത്തെ കരാറുകാരനാണ്. സ്റ്റേ വെക്കേറ്റ് ചെയ്തു കിട്ടിയിട്ടുണ്ട്. ഈ വർക്കിന് ഈ വർഷത്തെ ബഡ്ജറ്റിൽ ഒന്നരലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കഴിയുന്നതുംവേഗം പണി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(27) എഫ്. എ. സി. റ്റി. യിലെ പ്ലാന്റുകൾ പൂട്ടിയിടുമെന്നുള്ള ഭീക്ഷണി

ശ്രീ. കെ. മുഹമ്മദാലി : കേന്ദ്രഗവൺമെന്റ് ഉടമയ്ലുള്ള കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ എഫ്. എ. സി. ടി. യിലെ ജീവനക്കാർ ഇന്നു വളരെയധികം ആശങ്കാകുലരാണ്. അതിന്റെ പ്രധാനപ്പെട്ട പ്ലാന്റുകൾ പൂട്ടും എന്ന ഭീഷണി നിലനിൽക്കുകയാണ്. കയോലനൈറ്റ് പ്ലാന്റ് ഇപ്പോൾതന്നെ പൂട്ടിക്കഴിഞ്ഞു. സൂപ്പർ ഫാസ്ഫോറിക് പ്ലാന്റും ഫോസ്ഫോറിക് ആസിഡ് പ്ലാന്റും പൂട്ടുമെന്ന ഭീഷണി നിലനിൽക്കുകയാണ്. അവിടെയുള്ള എല്ലാ യൂണിയനുകളും ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അടിയന്തിരമായി മുഖ്യമന്ത്രി ഈ കാര്യത്തിലിടപെടണം. എഫ്. എ. സി. ടി. യുമായി ബന്ധപ്പെട്ട 'ഫെഡോ' യിലെ ഏകദേശം 200 ഓളം ജീവനക്കാർ ഡൽഹി ആസ്ഥാനമായിട്ടുള്ള മറ്റൊരു സ്ഥാപനത്തിലേയ്ക്ക് ഡെപ്യൂട്ടേഷൻ വാങ്ങിക്കൊണ്ടിരിക്കുകയാണ്. കാപ്രോലാക്ടം യൂണിറ്റിന്റെ പണി ആരംഭിച്ച സന്ദർഭ

LIBRARY ARCHIVES Kerala Legislative Assembly